## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 347** **28.10.2019 ൽ മറുപടിയ്ക്ക്**

## നിഷ് ന് സർവ്വകലാശാല പദവി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി നിഷ് നെ പ്രത്യേക സർവ്വകലാശാലയാക്കി മാറ്റാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 2015-16 ലെ കേന്ദ്ര ബജറ്റിൽ നിഷിനെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആന്റ് ഡിസബിലിറ്റി സ്റ്റഡീസ് (NURDS) ആയി ഉയർത്തുന്നതിനുള്ള പ്രഖ്യാപനം നടത്തുകയും കേരള സർക്കാർ അതിനുള്ള സമ്മതം അറിയിയ്ക്കുകയും ചെയ്തു. അതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി ഒരറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. ആയതുകൊണ്ട് നിഷിനെ സംസ്ഥാന യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുനരാരംഭിയ്ക്കുന്നതിന്റെ മുന്നോടിയായി 2014 ൽ തയ്യാറാക്കിയ കരട് ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. പ്രസ്തുത കരട് ബില്ലിന്റെ സൂക്ഷ്മ പരിശോധനയ്ക്കും പുതുക്കലിനും വേണ്ടി ഒരു വിദഗ്ധ സമിതിയെ 04.10.2019 ലെ സ.ഉ (സാധാ) നം.639/2019/ സാ.നീ.വ. പ്രകാരം നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സർവ്വകലാശാലയുടെ ഗുണഫലം ഏതെല്ലാം വിഭാഗങ്ങൾക്ക് ലഭ്യമാകുമെന്നും | (ബി) | നിഷിനെ ഒരു സർവ്വകലാശാലയായി മാറ്റിയാൽ എല്ലാതരത്തിലുമുള്ള ഭിന്നശേഷിക്കാർക്കും അതിന്റെ ഗുണഫലം ലഭിയ്ക്കുന്നതാണ്. |

| | | |
|---|---|---|
| എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ? | | സർവ്വകലാശാലയാക്കുന്നതുവഴി നിഷിന്റെ സാങ്കേതിക സൗകര്യങ്ങളും സേവനങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനും പുതിയ കോഴ്സുകൾ സമയബന്ധിതമായി തുടങ്ങുന്നതിനും കഴിയും. അംഗപരിമിതരുടെ ആവശ്യത്തിനനുസരിച്ച് കോഴ്സുകൾ രൂപകൽപ്പന ചെയ്യാനും നടപ്പിലാക്കാനും ഇപ്പോഴുള്ള പരിമിതികൾ തരണം ചെയ്യാനും പൂർണ്ണ അധികാരമുള്ള സർവ്വകലാശാല പദവിയിലൂടെ സാദ്ധ്യമാകുന്നതാണ്. The Rights of Persons with Disabilities Act 2016 ൽ നിലവിൽ വന്നതോടുകൂടി ഭിന്നശേഷിക്കാർക്ക് അവകാശാധിഷ്ഠിത പുനരധിവാസം ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് ഭിന്നശേഷിക്കാർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സാങ്കേതിക പരിജ്ഞാനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ നൂതന കോഴ്സുകൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.